പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :1396 22/03/2013-ൽ മറുപടിക്ക്

## കലാകാരപെൻഷൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.സി.ജോസഫ്<br>ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി |
| എ) കലാകാര പെൻഷൻ പദ്ധതിയിൽ എത്ര അംഗങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ; | എ) 2013 മാർച്ചിൽ 2578 പേർ ഉണ്ട്. |
| ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്കാണ് പ്രസ്തുത പെൻഷൻ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) സാഹിത്യകാരന്മാർ, സംഗീതം , നൃത്തം, കഥകളി, കേരളീയക്ഷേത്രകലകൾ,നാടകം, കഥാപ്രസംഗം ,ഹരികഥ, അക്ഷരശ്ലോകം, ചിത്രകല,ശിൽപ്പകല,പൂരക്കളി ബാന്റ് വാദ്യം, നാടൻകലകൾ എന്നീ മേഖലയിലുള്ളവർക്കാണ് പെൻഷൻ അനുവദിക്കുന്നത്. |
| സി) പ്രസ്തുത പെൻഷന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്; | സി) 50 വയസ്സിന് മുകളിൽ പ്രായവും പ്രതിമാസം 750/- രൂപയിൽ കവിയാത്ത പ്രതിമാസ വരുമാനവുമാണ് മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ളത്.കലാ-സാഹിത്യ രംഗവുമായി ബന്ധപ്പെട്ട അക്കാദമികളുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പെൻഷന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. |
| ഡി) പ്രതിമാസ പെൻഷൻ തുക ഇപ്പോൾ എത്രയാണെന്നും പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | ഡി) ഇപ്പോൾ നൽകിവരുന്ന 550/- രൂപ 600/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

Sheela H

സെക്ഷൻ ഓഫീസർ